കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നളന്ദ, നന്തൻകോട്, തിരുവനന്തപുരം, കേരള - 695003
KERALA STATE INSTITUTE OF LANGUAGES
Nalanda, Nanthancode, Thiruvananthapuram, Kerala - 695003

Gen Admn
PRO

നമ്പർ : എ2/1109/2025/സിൽ (1 / i)

തീയതി : 23-06-2025

KERALA UNIVERSITY OF HEALTH SCIENCES
23195
28 JUN 2025
THRISSUR - 680 596

സ്വീകർത്താവ്,

രജിസ്ട്രാർ,
കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല,
മെഡിക്കൽ കൊളെജ് പി ഒ,
തൃശ്ശൂർ -680596
registrar@kuhs.ac.in

സർ,

വിഷയം : വൈജ്ഞാനിക കൃതികൾക്കുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം 2025 –കൃതികൾ ക്ഷണിച്ചത് – കോളെജുകളിൽ പ്രചാരണം നൽകുന്നത് സംബന്ധിച്ച്.

വൈജ്ഞാനിക കൃതികൾക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുള്ള "കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വൈജ്ഞാനിക പുരസ്കാരം 2025" ന്റെ ഭാഗമായി **എൻ . വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം , കെ.എം ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരം, (ശാസ്ത്രം / ശാസ്ത്രേതരം) , എം. പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം** എന്നീ മൂന്ന് വിഭാഗങ്ങളിലായി കൃതികൾ ക്ഷണിച്ചിട്ടുള്ളതാണ്. 2025 ജൂലൈ 15 വരെ കൃതികൾ / ഗവേഷണ പ്രബന്ധങ്ങൾ എന്നിവ സമർപ്പിക്കാവുന്നതാണ്. ടി പുരസ്കാരത്തിൽ പ്രത്യേകിച്ച് **കെ.എം ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരം, (ശാസ്ത്രം / ശാസ്ത്രേതരം)** സംബന്ധിച്ച് അങ്ങയുടെ സർവകലാശാലയുടെ അധീനതയിലുള്ള കോളെജുകളിൽ പ്രചാരണം നൽകാൻ അഭ്യർത്ഥിക്കുന്നു.പുരസ്കാരം സംബന്ധിച്ച വിശദ വിവരം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

സാംസ്കാരികവകുപ്പ്
കേരളസർക്കാർ

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിച്ചു

- 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യ പതിപ്പായി മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച മൗലിക കൃതികളും അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള പിഎച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരത്തിന് പരിഗണിക്കുക.
- കഥ, കവിത, നോവൽ, നാടകം, ആത്മകഥ, ജീവചരിത്രം എന്നിവ പരിഗണിക്കില്ല.

## എൻ.വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനികപുരസ്കാരം

ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ, ഭാഷാ-സാഹിത്യ പഠനങ്ങൾ, സാമൂഹികശാസ്ത്രം, കലാ-സാംസ്കാരിക പഠനങ്ങൾ എന്നീ മേഖലകളിലുള്ള കൃതികളാണ് പരിഗണിക്കുക. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരമായി നൽകുന്നത്.




## എം.പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം

ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് പുരസ്കാരത്തിന് പരിഗണിക്കുക. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരമായി നൽകുന്നത്.

## ഡോ. കെ.എം. ജോർജ് സ്മാരക ഗവേഷണപുരസ്കാരം

ശാസ്ത്രം/ശാസ്ത്രേതരം എന്നീ രണ്ട് മേഖലകളിലാണ് പുരസ്കാരം നൽകുന്നത്. 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽ നിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ/പോസ്റ്റ് ഡോക്ടറൽ പ്രബന്ധങ്ങളാണ് പരിഗണിക്കുക. മറ്റ് ഭാഷകളിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി നല്കേണ്ടതാണ്. ഓരോ വിഭാഗത്തിനും 50,000 രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരമായി നൽകുന്നത്.

'കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം 2025' എന്ന് രേഖപ്പെടുത്തിയ കവറിൽ കൃതികളുടെ 4 പകർപ്പുകളാണ് ലഭ്യമാക്കേണ്ടത്.

### കൃതികൾ അയയ്ക്കേണ്ട വിലാസം

ഡയറക്ടർ,
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നളന്ദ, നന്തൻകോട്, കവടിയാർ പി.ഒ.
തിരുവനന്തപുരം - 695003
Phone : 0471 - 2316306,

കൃതികൾ ലഭിക്കേണ്ട
**അവസാന തീയതി**
**15 ജൂലൈ 2025**

വിശദവിവരങ്ങൾക്ക്
9497469556, 9447956162